MONDAY

30/09/2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/09/2024

1. കേരളഗ്രോ ബ്രാൻഡ് സ്റ്റോറുകളുടെയും മില്ലെറ്റ് കഫേകളുടെയും സംസ്ഥാനതല ഉദ്ഘാടനം 2024 ഒക്ടോബർ 1 വൈകുന്നേരം 3 മണി ഗാർഡൻ റോസ് കൃഷിക്കൂട്ടം ഉള്ളൂർ ജംഗ്ഷനിൽ വച്ച് കൃഷി വകുപ്പ് മന്ത്രിപി പ്രസാദ് നിർവ്വഹിക്കുന്നു. പരിപാടിയിൽ കഴക്കൂട്ടം എം.എൽ.എ കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്നതാണ്.

2. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് നടപ്പിലാക്കുന്ന കൂൺ ഗ്രാമം പദ്ധതിയിൽ ഗുണഭോക്താക്കളാകാൻ താല്പര്യമുള്ള കർഷകർ, അതാത് കൃഷി ഭവനുകളുമായി ബന്ധപ്പെടേണ്ടതാണെന്ന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ആദ്യഘട്ടത്തിൽ ജില്ലയിലെ ചേർത്തല, ചെങ്ങന്നൂർ ബ്ലോക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് കൃഷിവകുപ്പ് കൂൺ കൃഷിയുമായി ബന്ധപ്പെട്ട സൗജന്യ പരിശീലനങ്ങൾ നൽകും. താല്പര്യമുള്ള കർഷകർ കൂടുതൽ വിവരങ്ങൾക്ക് ചേർത്തല, ചെങ്ങന്നൂർ ബ്ലോക്കുകളിലെ കൃഷിഭവനുകളുമായി ബന്ധപ്പെടേണ്ടതാണ്.

3. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ കൂൺ വിത്തുകൾ വില്പനക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0487 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കൃഷി വകുപ്പ് RKVY മില്ലെറ്റ് കഫേ മില്ലെറ്റ് ഉൽപ്പന്നങ്ങളുടെ receipe യുമായി ബന്ധപ്പെട്ട് IIMR ഹൈദരാബാദിലെ Nutri Hub ൽ വച്ച് നടത്താൻ ഉദ്ദേശിക്കുന്ന ഒരാഴ്ചത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള 30 വയസ്സിൽ താഴെ പ്രായമുള്ളതും ഹോട്ടൽ മാനേജ്മെന്റിൽ ബിരുദമുള്ളതുമായ യുവതീ യുവാക്കളിൽ നിന്നും ഒക്ടോബർ 5

നകം അപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് directorofmarketingagri@gmail.com എന്ന ഇ മെയിൽ ഐഡിയിൽ ബന്ധപ്പെടുക.

5. വളർത്തു മൃഗങ്ങളുടെ രോഗനിർണയത്തിനും ചികിത്സയ്ക്കും വീട്ടു പടിക്കൽ ആധുനിക സൗകര്യങ്ങളോടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിലെ മുവാറ്റുപുഴ വെറ്ററിനറി പോളി ക്ലിനിക്കിൽ എല്ലാ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും മൊബൈൽ ടെലി വെറ്ററിനറി യുണിറ്റ് ക്യാംപ് ചെയ്ത് സേവനം ലഭ്യമാക്കും. സ്കാനിങ് മെഷീൻ, പശുവിനെ ഉയർത്തുന്ന യന്ത്രം എന്നിവ സജ്ജീകരിച്ച മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് വീട്ടു മുറ്റത്ത് എത്തും. വിളിക്കേണ്ട ഫോൺ നമ്പർ 7909188939.

6. വിലങ്ങാട് ഉരുൾപൊട്ടലിനെ തുടർന്ന് പ്രദേശത്തെ കർഷകർ ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധു വീടുകളിലും കഴിഞ്ഞിരുന്ന സാഹചര്യത്തിൽ കൃഷി നാശത്തിന് AIMS പോർട്ടൽ വഴി ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള സമയപരിധി ഒക്ടോബർ 15 വരെ നീട്ടിയതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ഉരുൾപൊട്ടലിൽ കൃഷിനാശം സംഭവിച്ച പ്രദേശത്തുള്ള കർഷകരിൽ ഇനിയും അപേക്ഷ നൽകാത്തവർ കൃഷിഭവനുമായി ബന്ധപ്പെട്ട് എത്രയും പെട്ടെന്ന് അപേക്ഷിക്കണം. വിശദ വിവരങ്ങൾക്കായി ഫോൺ നമ്പർ 9383471893

7. ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ നടത്തുന്നവരുടെ സംഗമവും ഏകദിന ശില്പശാലയും തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 4-ാം തീയതി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

8. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ മാസം 03, 04 തീയതികളിൽ ''ശുദ്ധമായ പാലുല്പാദനം ' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഒക്ടോബർ 1-ാം തീയതി 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471- 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ , തിരുവനന്തപുരം - 695004.Email ID: principaldtctvm@gmail.com

9. ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ നടത്തുന്നവരുടെ സംഗമവും ഏകദിന ശില്പശാലയും തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 4-ാം തീയതി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.